പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3753 30.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി.യിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷനുകൾ യഥാസമയം നൽകണമെന്ന് കോടതികളും മനുഷ്യാവകാശക്കമ്മീഷനും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ബഹു. ഹൈക്കോടതി മുമ്പാകെ കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഇലക്ട്രീഷ്യനായി വിരമിച്ച ശ്രീ. യു. വിജയരാഘവൻ 2013 നവംബർ മുതലുള്ള പ്രതിമാസ പെൻഷൻ കിട്ടുന്നതിനു വേണ്ടി ഫയൽ ചെയ്ത W.P(c) No. 31492/2013-ലെ 20.12.2013-ലെ വിധി ന്യായത്തിലൂടെ ഹർജിക്കാരന്റെ രോഗാവസ്ഥയും സഹതാപാർഹമായ സാഹചര്യവും പരിഗണിച്ച് പ്രതിമാസ പെൻഷൻ കുടിശ്ശിക ഒരാഴ്ച്ചക്കുള്ളിൽ കൊടുക്കണമെന്ന് ബഹു. ഹൈക്കോടതി കെ.എസ്.ആർ.ടി.സി.യോട് ഉത്തരവായിട്ടുണ്ട്.<br>ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം മുമ്പാകെ കെ.എസ്.ആർ.ടി.സി.യിൽ നിന്നും അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറായി വിരമിച്ച ശ്രീ. കെ.അശോക് കുമാർ ഫയൽ ചെയ്ത H.R.M.P No. 8388/2013 എന്ന പരാതിയിന്മേലുള്ള 09.12.2013-ലെ നടപടി ക്രമത്തിലൂടെ പ്രസ്തുത തീർപ്പിന്റെ പകർപ്പ് കിട്ടിയാലുടൻ തന്നെ കൊടുക്കുവാനുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കണമെന്ന് ബഹു. കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള പെൻഷൻ കുടിശ്ശിക കൾ ഉടൻ വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണു കൈ ക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിൽ ഏകദേശം 93 കോടി രൂപയുടെ അന്തരമാണുള്ളത്. ഇതിൽ പ്രധാനമായും വായ്പ തിരിച്ചടവിനത്തിൽ 42 കോടി രൂപയും, പെൻഷൻ ഇനത്തിൽ 36 കോടി രൂപയും, കോടതി വിധി പ്രകാരം നിർബന്ധിത നിക്ഷേപമായി കരുതുന്നതിന് 15 കോടി രൂപയുമാണ് വേണ്ടി വരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് ലോൺ മുഖേനയും, സർക്കാരിൽ നിന്നും നൽകുന്ന ധനസഹായവും കൊണ്ടാണ് ഈ കമ്മി നികത്തി വരുന്നത്. ടി കമ്മി പൂർണ്ണമായും നികത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധി മുട്ടാണ് പെൻഷൻ മുടങ്ങുന്നതിനുള്ള കാരണം.<br>കോർപ്പറേഷന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ കുടിശ്ശിക ഉടൻ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. പെൻഷൻ മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനായി സർക്കാർ സാധ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്. പെൻഷൻ വിതരണത്തിന് ഒരു നിധി രൂപീകരിക്കുന്നതിന് എൽ.ഐ.സി / എസ്.ബി.ഐ പോലുള്ള ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിവരിക യാണ്. |

സെക്ഷൻ ഓഫീസർ